പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1075 — 20.03.2012-ൽ മറുപടിക്കുള്ളത്

## ഗവൺമെന്റ് ഏറ്റെടുത്ത മിച്ചഭൂമി

| ചോദ്യം<br>ശ്രീ.ബി.സത്യൻ | | മറുപടി<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഗവൺമെന്റ് ഏറ്റെടുത്ത ആകെ എത്ര ഹെക്ടർ മിച്ചഭൂമി കൈവശമുണ്ട്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഗവൺമെന്റ് ഏറ്റെടുത്ത മിച്ചഭൂമിയിൽ വിതരണം ചെയ്യാതെ 578.19 ഹെക്ടർ മിച്ചഭൂമി വിവിധ ജില്ലകളിലായി സർക്കാരിന്റെ കൈവശമുണ്ട്. |
| (ബി) | ഏറ്റെടുത്തതിൽ എത്ര ഹെക്ടർ വിതരണം ചെയ്തിട്ടുണ്ട്; | (ബി) | ഏറ്റെടുത്തതിൽ ആകെ 29874.80 ഹെക്ടർ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഇതിൽ വിതരണം ചെയ്യാൻ ഇനി എത്ര ഹെക്ടർ ബാക്കിയുണ്ട് ;വ്യക്തമാക്കാമോ; | (സി) | വിതരണം ചെയ്യാൻ 578.19 ഹെക്ടർ ശേഷിക്കുന്നുണ്ട്. |
| (ഡി) | വിവിധ കേസുകളിൽപ്പെട്ട് ഏറ്റെടുക്കാൻ കഴിയാത്ത എത്ര ഹെക്ടർ മിച്ചഭൂമി ഇനിയുണ്ട്; വിശദമാക്കാമോ; | (ഡി) | നിക്ഷിപ്ത വനഭൂമി തർക്കം, അന്യകൈവശം മറ്റ് വിവിധ കോടതി കേസുകൾ എന്നിവയിൽ ഉൾപ്പെട്ട് 6302.55 ഹെക്ടർ മിച്ചഭൂമി നിലവിൽ ഏറ്റെടുക്കുവാൻ കഴിയാതെയുണ്ട്. |
| (ഇ) | ഗവൺമെന്റിന്റെ പക്കലുള്ള മിച്ചഭൂമി വിതരണം ചെയ്യാൻ ഇപ്പോൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഇ) | സർക്കാരിൽ ലഭ്യമായ മിച്ചഭൂമി അന്യകൈവശങ്ങളിൽ പെടാതെ സംരക്ഷിച്ചുകൊണ്ടും, നിക്ഷിപ്തവനഭൂമി തർക്കത്തിൽ പെട്ടുകിടക്കുന്ന മിച്ചഭൂമിയിന്മേൽ റവന്യൂ-വനം വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സംയുക്ത സർവ്വേ നടത്തിക്കൊണ്ട് ടി തർക്കങ്ങളിൽ വേഗത്തിൽ തിരുമാനമെടുത്തുകൊണ്ടും,കാടും പടർപ്പുകളുമായി അതിർത്തി വ്യക്തമല്ലാതെ കിടക്കുന്ന മിച്ചഭൂമികൾ കണ്ടെത്തി, അവയിലെ കാടും പടർപ്പുകളും വെട്ടിത്തെളിച്ച് അതിരുകൾ വ്യക്തമാക്കികൊണ്ടും, സർക്കാരിന്റെ പക്കലുള്ള മിച്ചഭൂമി, കേരള ഭൂപരിഷ്ക്കരണ നിയമവും ബന്ധപ്പെട്ട ചട്ടങ്ങളും പ്രകാരം അർഹരായവർക്ക് വേഗത്തിൽ വിതരണം ചെയ്യുന്നതിന്, വിവിധ ജില്ലാകളക്ടർമാർ മുഖേന സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ